ഭരണഭാഷ–മാതൃഭാഷ

ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
cgacdhse@gmail.com
0471-2323198

**സി.ജി& എ.സി/35171/2016/DHSE** **തീയതി :30/01/2018**

## സർക്കുലർ

വിഷയം:–സി.ജി&എ.സി.പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനം– 2018 ഓൺലൈൻ അപേക്ഷാ സമർപ്പണവും അലോട്ട്മെന്റിനുള്ള ഓപ്ഷൻ സമർപ്പണവും ഹയർസെക്കന്ററി സ്കൂളുകൾ ഫെസിലിറ്റേഷൻ സെന്ററുകളായും കരിയർഗൈഡുമാർ ഫെസിലിറ്റേറ്റർമാരായും പ്രവർത്തിക്കുന്നത് സംബന്ധിച്ച്.

സൂചന: – പരീക്ഷാ എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണറുടെ 18/12/2017,05/01/2018 തിയതികളിലെ സി.ഇ.ഇ /5500/2017/KEEM-2018/TA1 നമ്പർ കത്ത്.

2018 ലെ കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ 2018 ഏപ്രിൽ 23,24 തിയതികളിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഗവൺമെന്റ്/എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളെയും ഓൺലൈൻ അപേക്ഷ സമർപ്പണത്തിനും, അലോട്ട്മെന്റ് നടപടികൾക്ക് മുന്നോടിയായുള്ള ഓൺലൈൻ ഓപ്ഷൻ സമർപ്പണത്തിനും വിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള 'ഫെസിലിറ്റേഷൻ' സെന്ററുകളായി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ സ്കൂളിലും ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ (കരിയർഗൈഡ്) ഫെസിലിറ്റേറ്ററായി തിരഞ്ഞെടുക്കേണ്ടതാണ്. കരിയർഗൈഡുമാർ ഇല്ലാത്ത സ്കൂളുകളിൽ മറ്റൊരു അദ്ധ്യാപകനെ/അദ്ധ്യാപികയെ ഫെസിലിറ്റേറ്ററായി നിയമിക്കേണ്ടതാണ്. തിരഞ്ഞെടുത്ത അദ്ധ്യാപകന്റെ പേര്, തസ്തിക, ഇ–മെയിൽ, മൊബൈൽ ഫോൺ നമ്പർ എന്നിവ എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

1) www.https://cee.kerala.gov.in/cee_fc എന്ന ലിങ്കിൽ പ്രവേശിക്കുക

2) സ്കൂൾ കോഡ് എന്റർചെയ്യുക

3) **zxcv6789@**എന്ന പാസ്വേഡ് ടൈപ്പ് ചെയ്ത് ഹോം പേജിൽ പ്രവേശിക്കുക

4) **change passward** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് പുതിയ പാസ്സ്‌വേഡ് നിർമ്മിക്കുക

5) വീണ്ടും ലോഗിൻ ചെയ്ത് **Details** എന്ന മെനു ഐറ്റം ക്ലിക്ക്ചെയ്യുക

6) **Institution Details** എന്ന സെക്ഷനിൽ സ്ഥാപനത്തിന്റെ വിവരങ്ങൾ ദൃശ്യമാകുന്നതാണ്

7) **Principal's Details** എന്ന സെക്ഷനിൽ പ്രിൻസിപ്പാളിന്റെ വിവരങ്ങൾ നൽകുക

8) **Details of Facilitator (Career Guide**) എന്ന സെക്ഷനിൽ കരിയർഗൈഡിന്റെ പേര് ,തസ്തിക, മൊബൈൽ നമ്പർ, ഇ–മെയിൽ.ഐ.ഡി എന്നിവ നൽകുക

9) വിവരങ്ങൾ കൃത്യമായി നൽകിയശേഷം **Submit** എന്ന ബട്ടൺ ക്ലിക്ക്ചെയ്യുക

മേൽപ്പറഞ്ഞ വിവരങ്ങൾ **31/01/2018 വൈകിട്ട് 5 മണിക്കകം ഓൺലൈനായിസമർപ്പിക്കേണ്ടതാണ്**. തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഫെസിലിറ്റേറ്റർമാരുടെയും സ്കൂളിന്റെയും ഇ-മെയിൽ അഡ്രസിൽ ലഭ്യമാക്കാവുന്നതാണെന്ന് എൻട്രൻസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ഒപ്പ്

ഡയറക്ടർ